# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 866 — 09.08.2017-ൽ മറുപടിക്ക്

## മീനച്ചിൽ റിവർവാലി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) മീനച്ചിൽ റിവർവാലി പദ്ധതിയുടെ കീഴിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് എത്ര, തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പ്ലാവിൽ മീനച്ചിൽ നദിയ്ക്കു കുറുകെ മിനി ഡാമും റഗുലേറ്റർ കം ഫുട് ബ്രിഡ്ജും നിർമ്മിക്കുന്നതിന് 7 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| ബി) ഈ പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ആയതു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ഈ പ്രവൃത്തിക്ക് 13/TS/CE P II/2014-15 തീയതി: 31.03.2015 പ്രകാരം 8.05 കോടി രൂപയ്ക്ക് (DSR 2014 പ്രകാരം) സാങ്കേതികാനുമതി നൽകിയിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതം ലഭിക്കാതിരുന്നതിനാൽ ടി പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ കിഫ്ബി പദ്ധതിയിൽ സംസ്ഥാനത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന റഗുലേറ്ററുകളുടെ പട്ടികയിൽ കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പ്ലാവിൽ മിനിഡാമും റഗുലേറ്ററും നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭരണാനുമതി ലഭി |

ക്കുന്നതിനുവേണ്ടി DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ഇതു സംബന്ധിച്ച് എം എൽ എ 29-3-2017-ൽ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ആയതിന്റെ മന്ത്രിയാഫീസിലെയും സി.ഇ. ഓഫീസിലെയും ഫയൽ നമ്പരുകൾ ലഭ്യമാക്കാമോ?

(സി) പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു, ഈ വിവരം ബഹു.എം.എൽ.എ യെ 02.08.2017-ലെ ഐ.ആർ3/25/17/ജവിവ നമ്പർ സർക്കാർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ബഹു. എം.എൽ.എ നൽകിയ കത്തിന്റെ റഫറൻസ് നം.2146/M(WR)/VIP/2017 ഉം ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2 ഓഫീസിലെ ഫയൽ നം. WP2/ 6691/13/D16 ഉം ആണ്.

സെക്ഷൻ ഓഫീസർ